Deivarajyam November 2019

●R.N.7623/63

Registered No. KL/ALY/0020/2017-2019

Date of publication: 1/11/2019

●Posted at Thodupuzha Stg.

Annual Subscription ₹ 100.00




**Bishops of Ernakulam - Angamaly Province with the Holy Father**





AD LIMINA VISIT


**Printed at Sanjo Offset Press, Kothamangalam**

**Printer & Publisher Rev. Dr. George Thekkekara**

**Bishop's House, Kothamangalam - 686 691**



നവംബർ 2019 വാല്യം 58 ലക്കം 11


# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ





നാമഹേതുകതിരുനാളും
പൗരോഹിത്യ സുവർണ്ണജൂബിലിയും
ആഘോഷിക്കുന്ന
മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിലച്ചന്
രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

## Priestly Golden Jubilee Greetings



Fr. Emmanuel Ariappillil



Fr. Emmanuel Vattakuzhy



Fr. Joseph Adapoor



Fr. James Vadakkel



Fr. Thomas Kuzhinjalil



Fr. Jose Vengooran

## Priestly Silver Jubilee Greetings



Fr. George Chettoor

# ദൈവരാജ്യം





*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
നവംബർ 2019
ലക്കം 11



The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


5 രൂപതക്കച്ചേരി
12 മൈനർ സെമിനാരി
13 വിജ്ഞാനഭവൻ
18 വിദ്യാഭ്യാസം
19 ബൈബിൾ അപ്പോസ്തലേറ്റ്
19 സോഷ്യൽ സർവീസ്
22 തിരുബാലസഖ്യം
22 ചെറുപുഷ്പ മിഷൻലീഗ്
28 കെ. സി. എസ്. എൽ.
29 ഫാമിലി അപ്പോസ്തലേറ്റ്
30 നിർമ്മല പ്രോലൈഫ്
30 പിതൃവേദി
31 മാതൃവേദി
32 DCMS
32 മദ്യവിരുദ്ധസമിതി
33 ഡി. എഫ്. സി.
34 യുവദീപ്തി
35 ജീസസ് യൂത്ത്
35 എ. കെ. സി. സി.
36 അല്മായഫ്രാൻസിസ്കൻ സഭ
37 പ്രാർത്ഥനാഗ്രൂപ്പ്
39 കേരള ലേബർ മൂവ്മെന്റ്
40 നെസ്റ്റ് പ്രോഗ്രാം
40 തിരുനാൾ മംഗളങ്ങൾ
40 രൂപതാദ്ധ്യക്ഷന്റെ ഡയറി
41 Bishop's Engagements
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതരായി




## പള്ളിയിൽ അറിയിക്കുവാൻ

### നവംബർ


| | Page |
|---|---|
| Safe Environment Committee | 5 |
| Grievance Redressal Cell | 5 |
| വിവാഹാഘോഷം മുടക്ക് | 6 |


## തിരുനാളുകൾ


3 വി. മാർട്ടിൻ ഡി പോറസ്


13 വി. സ്റ്റനിസ്ലാവോസ്


4 വി. ചാൾസ് ബൊറോമിയ


23 വി. സിസിലിയ


5 വി. സക്കറിയായും എലിസബത്തും


25 ഈശോയുടെ രാജത്വ തിരുനാൾ


30 വി. അന്ത്രയോസ്

## രൂപതക്കച്ചേരി

C. *81/2019* **വൈദികരുടെ അവധി**

വികാരിയും അസ്തേന്തിയും പള്ളിയിൽ താമസിക്കേണ്ടതാണ്. വികാരി മൂന്നു ദിവസത്തിൽ കൂടുതൽ പുറത്തുപോകുമ്പോൾ രൂപതക്കച്ചേരിയിൽ രേഖാമൂലം അറിയിക്കേണ്ടതും ഒരാഴ്ചയിൽ കൂടുതലാണെങ്കിൽ രൂപതക്കച്ചേരിയിൽനിന്ന് അനുവാദം വാങ്ങേണ്ടതുമാണ്. പകരം ക്രമീകരണങ്ങൾ രൂപതക്കച്ചേരിയുമായി ആലോചിച്ച് നടത്തേണ്ടതാണ് (രൂപത നിയമസംഗ്രഹം 124). അസ്തേന്തി പുറത്തുപോകുമ്പോൾ വികാരിയെ അറിയിക്കേണ്ടതും ഒരാഴ്ചയിൽ കൂടുതലാണെങ്കിൽ രൂപതക്കച്ചേരിയിൽനിന്നും അനുവാദം വാങ്ങേണ്ടതുമാണ് (രൂപത നിയമസംഗ്രഹം 133).

*Bishop*

C. *82/2019* **Safe Environment Committee**

A Safe Environment Committee is formed in the Eparchy with the following members and will be effective from 1st December 2019 onwards.

Rev. Dr. George Thekkekara DCL, LLB (Chairman) Rev. Fr. Thomas Cheruparambil DD, Rev. Sr. Josiya SD LLB, Mr. Francis Cheruparambil (Rtd. District Judge), Mrs. Jessy Xavier MPhil (Rtd. CWC member).

*Bishop*

C. *83/2019* **Grievance Redressal Cell**

A grievance redressal cell is formed in the Eparchy with the following members.

Rev. Fr. Mathews Malieckal (Chairman), Rev. Fr. Mathew Mundackal (Sr.), Rev. Sr. Devotia CMC, Adv. Joseph John, Mr. George Kelakam.

*Bishop*

C. *84/2019* **ജൂബിലി ആശംസകൾ**

പൗരോഹിത്യശുശ്രൂഷയിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അച്ചനും, ബഹു. ഇമ്മാനുവൽ ആര്യപ്പിള്ളിൽ അച്ചനും, ബഹു. ഇമ്മാനുവൽ വട്ടക്കുഴി അച്ചനും, ബഹു. ജോസ് വേങ്ങൂരാൻ അച്ചനും, ബഹു.





ജോസഫ് അടപ്പൂർ അച്ചനും, ബഹു. തോമസ് കുഴിഞ്ഞാലിൽ അച്ചനും, ബഹു. ജെയിംസ് വടക്കേൽ അച്ചനും രജത ജൂബിലി ആഘോഷിക്കുന്ന ബഹു. ജോർജ് ചേറ്റൂർ അച്ചനും രൂപതാകുടുംബത്തിന്റെ പേരിൽ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ഇവരുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു. ഇവർക്ക് അനുമോദനങ്ങൾ നേരുന്നതിനായി 2019 നവംബർ 19-ാം തീയതി 10.00-മണിക്ക് NESTT-ൽ ഒരുമിച്ചുകൂടുന്നതിനായി എല്ലാ ബഹു. അച്ചൻമാരെയും ക്ഷണിക്കുന്നു.

*Bishop*

C. *85/2019* **വിവാഹാഘോഷം മുടക്ക്**

ഡിസംബർ 1-ാം തീയതി 25 നോമ്പ് ആരംഭിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Bishop*

C. *86/2019* **പൗരോഹിത്യം**

**(ഡിസംബർ മാസം കുടുംബക്കൂട്ടായ്മയ്ക്കുള്ള ചിന്താവിഷയം)**

നമ്മുടെ രൂപതയിൽ പുരോഹിതശുശ്രൂഷയ്ക്കായി പരിശീലനം പൂർത്തിയാക്കിയ ശെമ്മാശ്ശന്മാർക്ക് തിരുപ്പട്ടം നൽകുന്ന മാസമാണല്ലോ ഡിസംബർ. അതുകൊണ്ടുതന്നെ ഈ മാസം കുടുംബ കൂട്ടായ്മയിൽ പൗരോഹിത്യത്തെ കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണ്. പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ സഭാ പ്രവർത്തനങ്ങളെയും പൗരോഹിത്യത്തെയും മാധ്യമങ്ങളിൽ ബോധപൂർവം വിലകുറച്ചു കാണിക്കുന്ന പശ്ചാത്തലത്തിൽ പൗരോഹിത്യത്തെ കുറിച്ചുള്ള ശരിയായ യഥാർത്ഥ കാഴ്ചപ്പാട് അനിവാര്യമാണ്. ശുശ്രൂഷാപൗരോഹിത്യത്തിലൂടെയും രാജകീയ പൗരോഹിത്യത്തിലൂടെയും ക്രിസ്തുവിന്റെ രക്ഷാസന്ദേശം ലോക മെങ്ങും അറിയിക്കുവാനുള്ള കടമ സഭയുടെ പ്രേഷിതദൗത്യമാണ്.

**1. ശുശ്രൂഷാപൗരോഹിത്യത്തെ രാജകീയ പൗരോഹിത്യവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

Ans. ഈ പൗരോഹിത്യം രണ്ട് മാനങ്ങളിലൂടെ മനസ്സിലാക്കാം. അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരായ മെത്രാന്മാരുടെ കൈവയ്പ് വഴി പ്രത്യേകമാംവിധം ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്നവരും മാമോദീസ സ്വീകരണം വഴി ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ അംഗങ്ങളായവരും.

A. ശുശ്രൂഷാപൗരോഹിത്യം

വിശ്വാസികളുടെ മുമ്പാകെ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യാനും സഭ മുഴുവന്റെയും നാമത്തിൽ കൗദാശിക കർത്തവ്യങ്ങൾ അനുഷ്ഠിക്കാനും ആയി ക്രിസ്തു തന്നെ തന്റെ അജപാലകർക്ക് ഭരമേൽപ്പിച്ചതാണ് ശുശ്രൂഷാപൗരോഹിത്യം. ഈ പൗരോഹിത്യം ശുശ്രൂഷാപരമാണ്. ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചവർക്ക് ത്രിവിധ ദൗത്യങ്ങൾ ആണ് ഉള്ളത്.

1. സുവിശേഷം പ്രസംഗിക്കുക (Mk. 16:15)

2. വിശുദ്ധീകരിക്കുക (പരിശുദ്ധ കുർബാനയുടെ അർപ്പണവും കൂദാശകളുടെ പരികർമ്മവും വഴി).

3. നയിക്കുക (ക്രിസ്തുവിലൂടെ ദൈവജനത്തെ പിതാവായ ദൈവത്തിലേക്ക് പരിശുദ്ധാത്മാവിൽ അടുപ്പിക്കുന്നു (P.O 4, 5, 6).)

B. പൊതു പൗരോഹിത്യം/രാജകീയ പൗരോഹിത്യം

തിരുപ്പട്ടം സ്വീകരിച്ചവർ ഒഴികെയുള്ള അല്മായരും സമർപ്പിതരും രാജകീയ പൗരോഹിത്യത്തിൽ പങ്കുചേർന്നവരാണ് (CCC 897). ക്രൈസ്തവർ രാജകീയ പുരോഹിത ഗണം ആകുന്നത് തങ്ങളുടെ മാമോദീസ സ്വീകരണം വഴിയാണ് (1 പത്രോ 2:56,2:9). വെളിപാട് ഗ്രന്ഥ പ്രകാരം ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു കൊണ്ടുള്ള ജീവിതം വഴിയാണ് സഭാതനയർ പൗരോഹിത്യത്തിൽ പങ്കുചേരുന്നത്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു, വിശ്വാസികളുടെ സമൂഹം മുഴുവനും പ്രകൃത്യാ പുരോഹിത സ്വഭാവമുള്ളതാണ്. പുരോഹിതനും പ്രവാചകനും രാജാവുമായ ക്രിസ്തുവിന്റെ ദൗത്യത്തിൽ ഓരോരുത്തരുടെയും വിളിക്ക് അനുസരിച്ച് പങ്കുപറ്റിക്കൊണ്ട് വിശ്വാസികൾ തങ്ങളുടെ ജ്ഞാനസ്നാന പൗരോഹിത്യം പ്രാവർത്തികമാക്കുന്നു. ജ്ഞാനസ്നാനം, തൈലാഭിഷേകം എന്നീ കൂദാശകളിലൂടെ വിശ്വാസികൾ ഒരു വിശുദ്ധ പൗരോഹിത ഗണം ആയി പ്രതിഷ്ഠിക്കപ്പെടുന്നു (CCC 1546). ക്രിസ്തുവിന്റെ പൗരോഹിത്യ ധർമ്മത്തിലും പ്രവാചകദൗത്യത്തിലും അല്മായർക്ക് വ്യക്തമായ പ്രാതിനിധ്യമുണ്ട്. തങ്ങളുടെ ജീവിതവും, ദാമ്പത്യ ജീവിതവും ജോലിയും, ശാരീരികവും മാനസികവുമായ എല്ലാ കാര്യങ്ങളും പരിശുദ്ധാത്മാവിൽ നിർവഹിക്കപ്പെടുമ്പോൾ അവരുടെ ജീവിതം





ആദ്ധ്യാത്മിക ബലിയായി തീരുന്നു. വചനം കൊണ്ടും ജീവിതസാക്ഷ്യം കൊണ്ടും സുവിശേഷം പ്രസംഗിച്ചുകൊണ്ട് പ്രവാചക ദൗത്യം നിർവഹിക്കുന്നു. ലോകത്തിന് മരിച്ച് ക്രിസ്തുവിനുവേണ്ടി പാപത്തിന്റെ ഭരണത്തെ കീഴടക്കിക്കൊണ്ടുള്ള ജീവിതം വഴി രാജകീയ ധർമ്മത്തിൽ ഭാഗഭാക്കാകുന്നു (CCC. 908). തങ്ങളുടെ ജീവിത മാതൃക വഴി ദൈവരാജ്യം പ്രചരിപ്പിക്കാനും വളർത്താനും ബാധ്യസ്ഥരാണ് രാജകീയ പൗരോഹിത്യത്തിൽ അംഗങ്ങളായവർ.

**2. പൗരോഹിത്യത്തിനും പൗരോഹിത്യ പരിശീലനത്തിനും ഭാരതസഭാചരിത്രത്തിൽ സാധുവായ തെളിവുകൾ ചൂണ്ടിക്കാണിക്കാൻ ആകുമോ?**

Ans. മാർത്തോമാ ക്രിസ്ത്യാനികളായ നമ്മുടെ സഭയിലെ പൗരോഹിത്യ ശുശ്രൂഷയ്ക്ക് സഭയോളം തന്നെ പഴക്കമുണ്ട്. മാർത്തോമാ ക്രിസ്ത്യാനികൾ ആദിമ നൂറ്റാണ്ടുകളിൽ പേർഷ്യൻ സഭയുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. അതിനാൽ മാർത്തോമാ ക്രിസ്ത്യാനികളുടെ ആത്മീയ ശുശ്രൂഷകൾ നിർവഹിക്കുന്നതിനുള്ള മെത്രാൻമാരും വൈദികരും പേർഷ്യൻ സഭയിൽ നിന്നാണ് വന്നിരുന്നത്. കാലക്രമത്തിൽ തദ്ദേശീയരായ വൈദികരും രൂപപ്പെട്ടു. വളരെ ക്രമീകൃതമായ പരിശീലന രീതികൾ ഒന്നും തന്നെ പുരോഹിത പരിശീലനത്തിനായി ഉണ്ടായിരുന്നില്ല. വൈദികവൃത്തി അഭിലഷിക്കുന്ന ആളുകൾ ഏതെങ്കിലും വൈദികനോടൊപ്പം താമസിക്കുകയും തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കാൻ പഠിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം ആരാധനക്രമ ഭാഷയായ സുറിയാനിയിൽ പ്രാവീണ്യം നേടിയിരുന്നു. ഇങ്ങനെ പരിശീലനം നേടിയിരുന്ന വൈദിക വിദ്യാർഥികൾക്ക് തിരുപ്പട്ടം നൽകണമെന്ന് ഇടവകയോഗം ആവശ്യപ്പെടുന്ന പക്ഷം മെത്രാൻ അവർക്ക് വൈദികപട്ടം നൽകിയിരുന്നു. കാലക്രമത്തിൽ ഒരു വൈദികനു കീഴിൽ പൗരോഹിത്യം സ്വീകരിക്കാൻ ആഗ്രഹിക്കുന്ന ഏതാനും യുവാക്കൾ ഒരുമിച്ചു താമസിക്കുകയും പരിശീലനം നേടുകയും ചെയ്തിരുന്നു. അങ്ങനെയുള്ള പരിശീലന സ്ഥലങ്ങൾ മല്പാനേറ്റുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഭാരതത്തിലെ പുരാതന ഗുരുകുലവാസ രീതിയോട് ഇതിന് സാദൃശ്യം ഉണ്ടായിരുന്നു. ബൈബിൾ, ആരാധനക്രമം, സഭാനിയമങ്ങൾ, സുറിയാനി എന്നിവയായിരുന്നു പ്രധാനമായും അവിടെ പഠിപ്പിച്ചിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനംവരെ മല്പാനേറ്റുകൾ ഉണ്ടായിരുന്നു. കത്തോ

ലിക്കാസഭയിലെ പൗരോഹിത്യ പരിശീലനത്തിന് നിയതമായ രൂപവും ഭാവവും ലഭിച്ചത് ട്രെന്റ് കൗൺസിലിലൂടെ ആണ്. പ്രസ്തുത കൗൺസിലിന്റെ അനന്തരഫലമായി ഇന്നു കാണുന്ന രീതിയിലുള്ള സെമി നാരി പരിശീലനം ആരംഭിക്കുകയുണ്ടായി. തത്ഫലമായി മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ സെമിനാരികൾ സ്ഥാപിക്കപ്പെടുകയും പരിശീലനം ആരംഭിക്കുകയും ചെയ്തു. പാശ്ചാത്യ മിഷനറിമാർ ഭാരതത്തിൽ എത്തിയപ്പോൾ ഇവിടെ ക്രൈസ്തവ സഹോദരങ്ങളെ കണ്ടുമുട്ടി. അത് വലിയ സന്തോഷത്തിന് ഇടം നൽകുകയും ചെയ്തു. എന്നാൽ ഇവിടുത്തെ വിശ്വാസപ്രകടനത്തിന്റെയും ആരാധന രീതികളുടെയും ആധികാരികതയെ കുറിച്ച് സംശയങ്ങൾ ഉണ്ടായി. ഇതും സെമിനാരി പരിശീലനത്തിന്റെ ആവശ്യകതയെ ഊട്ടിയുറപ്പിച്ചു. വിദേശമിഷനറിമാരുടെ നേതൃത്വത്തിൽ വിവിധ സെമിനാരികൾ ഇവിടെ ആരംഭിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ശതകങ്ങളോടെ നിയമം വഴി മൽപ്പാനേറ്റു സെമിനാരികൾ എല്ലാം നിർത്തുകയുണ്ടായി. പാശ്ചാത്യ മിഷണറിമാരുടെ നേതൃത്വത്തിൽ നടത്തിയിരുന്ന സെമിനാരികൾ അതാത് കാലത്തിന് ആവശ്യമായ രീതിയിലുള്ള പരിശീലനം അവലംബിച്ചിരുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ പൗരോഹിത്യ പരിശീലന മേഖലയിലുള്ള സംഭാവനകൾ നിസ്തുലമാണ്. പുത്തൻ പള്ളി സെമിനാരിയുടെ ആരംഭത്തോടെയാണ് ഏകീകൃത പരിശീലന രീതിയും ക്രമവും രൂപപ്പെട്ടത്. തുടർന്ന് കാലക്രമത്തിൽ പുതിയ സെമിനാരികൾ രൂപംകൊള്ളുകയും തദ്ദേശീയ മെത്രാൻ സമിതികൾ പൗരോഹിത്യപരിശീലനത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.

**3. സഭയിലെ പൗരോഹിത്യ ശുശ്രൂഷയെ സംബന്ധിച്ച് കാനൻ നിയമത്തിന്റെ നിർദ്ദേശങ്ങൾ എത്രത്തോളം പ്രധാനപ്പെട്ടതാണ്?**

Ans. ദൈവരാജ്യ സ്ഥാപനത്തിനായി പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവർ എന്ന നിലയിൽ വൈദികരുടെ പ്രഥമവും പ്രധാനവുമായ കടമ എന്നത് ദൈവവചനത്തിലൂടെയും കൂദാശ പരികർമ്മത്തിലൂടെയും വളരെ പ്രത്യേകമായി ജീവിത സാക്ഷ്യത്തിലൂടെയും ദൈവ സ്നേഹം ലോകത്തിന് പങ്കുവയ്ക്കുക എന്നതാണ് (CCEO. C. 367). സഭയുടെ അംഗം എന്ന നിലയിൽ ഒരു വ്യക്തിക്ക് സഭ നൽകിയിരിക്കുന്ന ആത്മീയമായ അവകാശങ്ങൾ അവർ ആവശ്യപ്പെടുന്ന സമയത്ത് പങ്കുവയ്ക്കുന്നതിന് വൈദികർ കടപ്പെട്ടിരിക്കുന്നു (CCEO.





C. 381 § 2). അതോടൊപ്പം അല്മായർക്ക് അർഹമായ ബഹുമാനവും സ്ഥാനവും സഭയിൽ നൽകുവാനും അവരുടെ കഴിവുകളെ സഭയുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുവാനും വൈദികർ ശ്രദ്ധിക്കണമെന്നും നിയമം അനുശാസിക്കുന്നു (CCEO. C. 381 § 3). അജഗണങ്ങളെ പഠിപ്പിക്കുക വിശുദ്ധീകരിക്കുക നയിക്കുക എന്നീ ത്രിവിധ ധർമ്മത്തിൽ ഓരോ ഇടവക വികാരിയും പ്രത്യേകമായി പങ്കുചേരുന്നു. പ്രധാനമായും ഓരോ വ്യക്തിസഭയുടെ (church sui iris) ആരാധനാക്രമം അത് ആ സഭ അനുശാസിക്കുന്ന വിധത്തിൽ അനുഭവവേദ്യമാക്കിത്തീർക്കുക (CCEO. C. 17) എന്നതും വികാരിയുടെ ഉത്തരവാദിത്വമാണ്. പാപമോചന കൂദാശ വിശ്വാസികൾക്ക് പരികർമ്മം ചെയ്യാൻ വികാരി എപ്പോഴും സന്നദ്ധനായിരിക്കണം. ഈ കൂദാശ സ്വീകരിക്കുവാൻ വിശ്വാസികൾക്ക് അവസരം ഉണ്ടാക്കി കൊടുക്കേണ്ടത് വികാരിയാണ് (CCEO. C. 289 § 2). ഇടവകയിലെ ഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിക്കുകയും എല്ലാ വിഭാഗം ആളുകളുടെയും കാര്യത്തിൽ ശ്രദ്ധാലുവായിരിക്കുകയും ചെയ്യണം. ഇടവകയിലെ വിവിധ സംഘടനകളെ പരിപോഷിപ്പിക്കേണ്ടതും ദരിദ്രരോടും രോഗികളോടും സ്നേഹം പ്രകടിപ്പിക്കേണ്ടതും ഇടവകവികാരിയുടെ കടമയാണ് (CCEO. C. 289 § 3). സഭയിൽ എല്ലാ അംഗങ്ങൾക്കും തുല്യ അവകാശമാണ് ഉള്ളത്. എങ്കിലും സഭയുടെ ഔദ്യോഗിക പ്രബോധന അധികാരത്തിന് വിധേയപ്പെടുവാനും മെത്രാന്മാർക്കും വൈദികർക്കും അർഹമായ അനുസരണവും വിധേയത്വവും പ്രകടിപ്പിക്കുവാനും എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. എന്നിരുന്നാലും വിശ്വാസികൾക്ക് സഭയുടെ നന്മയെ മുൻനിർത്തി തങ്ങളുടെ അഭിപ്രായങ്ങൾ സഭാധികാരികളുടെ ശ്രദ്ധയിൽപെടുത്തുവാൻ അവകാശമുണ്ട്. തീരുമാനങ്ങൾ എടുക്കുന്നതിനും അതു നടപ്പാക്കുന്ന കാര്യത്തിൽ വിശ്വാസികളുടെ മനസ്സും അഭിപ്രായവും അറിയുവാനും സഭയെ നയിക്കുന്നവർക്കും കടമയുണ്ട് (CCEO. C. 15).

**4. ഈ കാലഘട്ടത്തിൽ കത്തോലിക്കാ പൗരോഹിത്യത്തിന്റെ പ്രസക്തി എത്രമാത്രം നിർണായകമാണ്?**

Ans. പൗരോഹിത്യം വിമർശിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത് കാരണം പുരോഹിതനെ കുറിച്ചുള്ള പ്രതീക്ഷകൾ അത്ര വലുതാണ്. നയിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കുവാനുമായുള്ള പൗരോഹിത്യ ദൈവവിളി, മാറുന്ന സാഹചര്യത്തിൽ പുതിയ സാധ്യതകൾ തുറക്കുന്നു. നയിക്കാനും ശരിയായ പ്രബോധനങ്ങൾ നൽകാനും

പാപബോധവും പശ്ചാത്താപവും നൽകി ദൈവകൃപയുടെ ചാലകങ്ങൾ ആയി വിശുദ്ധീകരിക്കുവാനും പുരോഹിതന് കടമയുണ്ട്. സോഷ്യൽ മീഡിയയിലൂടെ വരുന്ന നിഷേധാത്മക നിലപാടുകൾ വിമർശനബുദ്ധിയോടെ കണ്ട് ക്രിയാത്മകമായി പ്രതികരിക്കാൻ സാധിക്കണം.

വിശ്വാസിയുടെ മനസ്സിലെ പുരോഹിതവിചാരങ്ങൾ പക്വതയോടെയുള്ളതാകണം. സഭയിലെ പൗരോഹിത്യത്തിന്റെ അതുല്യമായ സ്ഥാനം സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് നിർവചിക്കാൻ സാധിക്കണം. സഭാവിരുദ്ധ ഗ്രൂപ്പുകളും, വിഘടിത പ്രസ്ഥാനങ്ങളും സാത്താനിക ആരാധകരുമൊക്കെ പൗരോഹിത്യത്തെ ബോധപൂർവം ആക്രമിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അബദ്ധപ്രചാരണങ്ങൾക്കെതിരെ നിതാന്തജാഗ്രത പുലർത്തിയേ മതിയാവൂ.

സത്യവിശ്വാസം അതിന്റെ തനിമയിലും പരിപൂർണ്ണതയിലും ജീവിക്കാനും പഠിപ്പിക്കാനും വൈദികർക്ക് ആവശ്യമായ പിന്തുണ നൽകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

കുറവുകളും ദൗർഭാഗ്യകരമായ സംഭവങ്ങളും ഉണ്ടാകുമ്പോൾ അവയെ സാമാന്യവത്ക്കരിക്കാനുള്ള ബോധപൂർവകമായ ശ്രമങ്ങൾക്കെതിരെ കരുതിയിരിക്കാൻ സാധിക്കണം.

വൈദികരുടെ നന്മയും ഗുണമേന്മയും സഭയുടെ സമ്പത്താണ്, ഈ അമൂല്യസമ്പത്ത് നഷ്ടമാകാതെ സൂക്ഷിക്കാൻ പുരോഹിതർക്കും വിശ്വാസികൾക്കും ഒരുപോലെ കടമയുണ്ട്.

### *C. 87/2019* Monthly Recollection & Study Forum for Priests

Monthly Recollection of Priests in the Diocese is arranged to be held on November 19, 2019 from 10.00 am to 11.30 am at NESTT. Thereafter our Jubilarians will be greeted. A study forum on NABARD programmes will be held on the same day in the afternoon from 2.00 pm to 4.00 pm. All are expected to participate.

*Syncellus*

### *C. 88/2019* കൃതജ്ഞതാബലി

നമ്മുടെ രൂപതയിൽ സജീവമായി ശുശ്രൂഷ ചെയ്യുന്ന ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ (CHF) സ്ഥാപകയായ വി. മറിയം ത്രേസ്യായുടെ വിശുദ്ധപദപ്രഖ്യാപനം ഒക്ടോബർ 13-ന് റോമിൽ വച്ച് നടന്നു. സന്തോഷകരമായ ഈ ദൈവദാനത്തിന് നന്ദി പറയാൻ **നവംബർ 30-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക്** കോതമംഗലം കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നു.





*Protosyncellus*

### *C. 89/2019* പ്രളയ ദുരിതാശ്വാസ ഫണ്ട് ശേഖരണം

പ്രളയ ദുരിതാശ്വാസത്തോടനുബന്ധിച്ച് സെപ്തംബർ മാസത്തിൽ ഇടവകകളിൽ നിന്നും സമാഹരിച്ച തുക നവംബർ 15-ാം തീയതിക്കു മുമ്പായി രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

*Procurator*

### *Pr. C.4/2019* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on 17th December from 10.00 am to 1.00 pm at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2019.

*Secretary*

### *PC. 6/2019* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on 21st December 2019 from 10.00 am to 4.00 pm at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2019.

*Secretary*

## മൈനർ സെമിനാരി

### *MS. 26/2019* മിഷൻഞായർ ആചരണം

ആഗോള കത്തോലിക്കാസഭയുടെ മിഷൻപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള മിഷൻ ഞായർ ആചരണം സെമിനാരിയിലും സമുചിതമായി നടത്തി.

### *MS. 27/2019* PARENTS' DAY

സെമിനാരി വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ഒക്ടോബർ 12 ശനിയാഴ്ച സെമിനാരിയിൽവച്ച് നടത്തി. റവ. ഫാ. സക്കറിയാസ് എടാട്ട് VC ക്ലാസ്സുകൾ നയിച്ചു. സെമിനാരി വിദ്യാർത്ഥികളും മാതാപിതാക്കളും ഒരുമിച്ച് അർപ്പിച്ച വി. കുർബാന മദ്ധ്യേ

പെരിയ ബഹു. വികാരി ജനറാൾ മോൺ. ഫ്രാൻസീസ് കീരംപാറ വചനസന്ദേശം നൽകി

*MS 28 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mary Varghese Vadakkekudy, Neriamangalam | ₹ | 10,000 |
| 2 | St. Thomas Forane Church, Mailacombu | ₹ | 50,000 |
| 3 | One Benefactor | ₹ | 3,000 |
| 4 | Thomas Kottackal, Nellimattam | ₹ | 75,000 |
| 5 | Jose Mathew Nambiaparambil, Pothanikad | ₹ | 2,000 |
| 6 | Sebi Nagasseril, Thodupuzha | ₹ | 10,000 |
| 7 | Sebastian Ouseparambil, Thodupuzha East | ₹ | 1,000 |
| 8 | One Benefactor | ₹ | 20,000 |
| 9 | St. Sebastian's Forane Church, Thodupuzha | ₹ | 40,000 |
| 10 | Dr. Benny Thodupuzha | ₹ | 1,000 |
| 11 | Adv. Joseph John, Thodupuzha | ₹ | 1,000 |
| 12 | John Tharian Elenjickal, Inchoor | ₹ | 10,000 |
| 13 | Joy Varghese Madeckal, Muvattupuzha | ₹ | 6,000 |
| 14 | George Peter Parankimalil, Nellimattom | ₹ | 5,000 |
| 15 | CML Thodupuazha East | ₹ | 5,000 |
| 16 | One Benefactor | ₹ | 5,000 |

*Rector*

## വിജ്ഞാനഭവൻ

*V. 94/2019* **1-ാം സെമസ്റ്റർ പരീക്ഷാഫലം, സേ പരീക്ഷ**

1-ാം സെമസ്റ്റർ പരീക്ഷാഫലം : നവംബർ 11 തിങ്കൾ
രജിസ്ട്രേഷൻ ആരംഭിക്കുന്നത് : നവംബർ 11 തിങ്കൾ
രജിസ്ട്രേഷൻ അവസാനിക്കുന്നത് : നവംബർ 16 ശനി.
രജിസ്ട്രേഷൻ ഫീസ് : 20/- രൂപ

സേ പരീക്ഷ : നവംബർ 24 ഞായർ. സമയം : 11.00 am-1.00 pm. ചോദ്യ പേപ്പർ നവംബർ 23 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

പരീക്ഷാ പേപ്പർ വിജ്ഞാനഭവനിൽ എത്തിക്കേണ്ട അവസാനതീയതി : ഡിസംബർ 14 ശനി.

റിസൾട്ട് : ഡിസംബർ 23 തിങ്കൾ.

*V. 95/2019* **Std VIII - കുട്ടികൾക്കായി ഏകദിനസെമിനാർ**

ഈ വർഷവും 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഏകദിനസെമിനാർ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്നു. ലൈംഗികവിദ്യാഭ്യാസം, ജീവിതമര്യാദകൾ, കൗമാരബന്ധങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് സെമിനാർ. നാല് സെന്ററുകളിൽ വച്ച് നവംബർ, ഡിസംബർ മാസങ്ങളിലെ ഞായറാഴ്ചകളിലാണ് സെമിനാർ നടത്തുന്നത്.



1. നവംബർ 17 ഞായർ - ന്യൂമാൻ കോളേജ്, തൊടുപുഴ (തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ)
2. നവംബർ 24 ഞായർ - സെന്റ് മേരീസ് ഫൊറോന ചർച്ച്, കരിമണ്ണൂർ (കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ)
3. ഡിസംബർ 1 ഞായർ - സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം (കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ)
4. ഡിസംബർ 15 ഞായർ - സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം (വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ)

8-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർ അതാത് ഇടവകകളിൽ നിന്നും കുട്ടികളെ കൂട്ടിക്കൊണ്ടു വരണം എന്നഭ്യർത്ഥിക്കുന്നു. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

**വരുന്ന കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം സെമിനാറിന് 10 ദിവസം മുമ്പ് അറിയിക്കേണ്ടതാണ്.**

*V. 96/2019* **ലോഗോസ് ക്വിസ് 2019 വിജയികൾ**

ലോഗോസ് ക്വിസ് 2019-ൽ പങ്കെടുത്ത് രൂപതാ തലത്തിൽ വിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. ഓരോ വിഭാഗത്തിലും ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്ക് **നവംബർ 10-ാം** തീയതി ഞായറാഴ്ച നടക്കുന്ന സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.

**GROUP A**

| | | | |
|---|---|---|---|
| 1 | ജോയൽ ജെസ്റ്റിൻ കാഞ്ഞിരത്തിങ്കൽ | - | വണ്ടമറ്റം |
| 2 | ഡാനിയൽ ഷിബു തോമസ് തേവരേഴത്ത് | - | വാഴക്കുളം |
| 3 | ഡാലിയ ജോസ് ഒറ്റപ്ലാക്കൽ | - | ഏനാനെല്ലൂർ |
| 4 | ആൽബർട്ട് സന്തോഷ് വെട്ടുകല്ലുംകുഴിയിൽ | - | ആനിക്കാട് |
| 5 | കൃപ മരിയ സിബി കാരയ്ക്കാട്ട് | - | പോത്താനിക്കാട് |
| | സ്റ്റെർലിംഗ് റോയി ഈരാറ്റുചിറയിൽ | - | രാജഗിരി |
| | എസ്തേർ റോസ് ടോമി പുതുശ്ശേരിവെട്ടിയാടൻ | - | ഉടുമ്പന്നൂർ |

### GROUP B

| | | | |
|---|---|---|---|
| 1 | അഷിത ബെന്നി കൊളവേലി | - | നാകപ്പുഴ |
| 2 | ആൻ മേരി ഹാരോൾഡ് നെടുങ്കല്ലേൽ | - | കടവൂർ |
| 3 | സൈറ റോസ് ബേബി ഇടപ്പുളവൻ | - | കുറുപ്പംപടി |
| 4 | കെവിൻ സിബി കാരക്കാട്ട് | - | പോത്താനിക്കാട് |
| 5 | ഐശ്വര്യ റെജി പൊട്ടയ്ക്കൽ | - | പോത്താനിക്കാട് |
| | അനബിറ്റ മരിയ സന്തോഷ് വെളിയത്ത് | - | പൈങ്ങോട്ടൂർ |
| | ദീപക് വർഗീസ് പുത്തൻപുരയ്ക്കൽ | - | തൊടുപുഴ |

### GROUP C

| | | | |
|---|---|---|---|
| 1 | അലീഷ MSJ | - | നെല്ലിക്കുഴി |
| 2 | ബ്ര. പ്രിൻസ് പൗലോസ് കണ്ണാടൻ | - | നേര്യമംഗലം |
| 3 | എമി ജോയി കിഴക്കേടത്ത് | - | ആയവന |
| 4 | ബ്ര. ആൽബി ജോസ് വെള്ളപ്ലാക്കൽ | - | നേര്യമംഗലം |
| 5 | സി. ടെസ്സ് ഫ്ളവർ SMS | - | ഊന്നുകൽ |
| | ജിസ്നി ജോസഫ് തുരുത്തിപ്പിള്ളിൽ | - | ചെപ്പുകുളം |
| | ബ്രിജിറ്റ് റോയി പുൽപ്പറമ്പിൽ | - | ആലക്കോട് |

### GROUP D

| | | | |
|---|---|---|---|
| 1 | സി. റ്റെസ്മി SH | - | തൊടുപുഴ |
| 2 | സ്വപ്നാമോൾ റ്റി. തെക്കേവീട്ടിൽ | - | ഞാറക്കാട് |
| 3 | സി. ജ്യോതി മരിയ തടിക്കൽ SH | - | ചാലാശ്ശേരി |
| 4 | മരീന ജോസ് മേക്കുന്നേൽ | - | പാറപ്പുഴ |
| 5 | സി. ജൂബി ജോസ് SD | - | മൂവാറ്റുപുഴ |
| | സി. സോഫിയ മാത്യു FCC | - | മൂവാറ്റുപുഴ |
| | സി. എൽസി ഫ്രാൻസിസ് SH | - | കത്തീഡ്രൽ |

### GROUP E

| | | | |
|---|---|---|---|
| 1 | എൽസി പൈലി കടവുങ്കൽ | - | തൊടുപുഴ ഈസ്റ്റ് |
| 2 | ഉഷ ജോസ് പറമ്പൻ | - | മൂവാറ്റുപുഴ |
| 3 | ഗ്രേസി തോമസ് പാറയിൽ | - | മുതലക്കോടം |
| 4 | സ്റ്റെല്ല ജോയി വള്ളിക്കാട്ട് | - | ആരക്കുഴ |
| 5 | റോസമ്മ ജോർജ് തയ്യിൽ | - | കല്ലാനിക്കൽ |
| | എൽസമ്മ ബേബി മേമന | - | അരിക്കുഴ |
| | ലത ആനി ക്രിസ്റ്റഫർ | - | മടക്കത്താനം |

### GROUP F

| | | | |
|---|---|---|---|
| 1 | ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ | - | പന്നിമറ്റം |
| 2 | സി. അലക്സിസ് FCC | - | വണ്ടമറ്റം |
| 3 | മേരി ജോസ് ഇടത്തല | - | കത്തീഡ്രൽ |
| 4 | അന്നക്കുട്ടി ചാക്കോ പോത്തനാമുഴി | - | ആനിക്കാട് |
| 5 | സി. ആൻസി ജോസ് മണക്കാട് SH | - | മുതലക്കോടം |
| | സി. ജോൺസി CMC | - | വാഴക്കുളം |
| | സി. അത്തനാസിയ CMC | - | കത്തീഡ്രൽ |





**ലോഗോസ് ക്വിസിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1. സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം
2. സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം
3. ഹോളി മാഗി ഫൊറോന ചർച്ച്, മൂവാറ്റുപുഴ

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1. സെന്റ് ജോസഫ് ചർച്ച്, മുടവൂർ
2. സെന്റ് മേരീസ് ചർച്ച്, മുട്ടത്തുപാറ
3. സെന്റ് തോമസ് ചർച്ച്, മലയിഞ്ചി

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ - CMC**

**ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

1. ജിസ്നി ജോസഫ് തുരുത്തിപ്പിള്ളിൽ, ചെപ്പുകുളം (C ഗ്രൂപ്പ്)
2. സി. ടെസ്മി SH, തൊടുപുഴ (D ഗ്രൂപ്പ്)
3. ഗ്രേസി തോമസ് പാറയിൽ, മുതലക്കോടം (E ഗ്രൂപ്പ്)
4. സി. അലക്സിസ് FCC, വണ്ടമറ്റം (F ഗ്രൂപ്പ്)

**ലോഗോസ് ഫാമിലി**

1. പി. ജെ തോമസ് പാറയിൽ, മുതലക്കോടം
2. ഗ്രേസി തോമസ് പാറയിൽ, മുതലക്കോടം
3. ജോയ്സ് തോമസ് പാറയിൽ, മുതലക്കോടം
4. മെരീസ തോമസ് പാറയിൽ, മുതലക്കോടം

### *V. 97/2019* വിശ്വാസപരിശീലകദിനം

വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 4 തിങ്കളാഴ്ചയാണ്. നവംബർ 3 ഞായറാഴ്ച വിശ്വാസപരിശീലകദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലകശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവൽക്കരിക്കാനുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

### *V. 98/2019* SMC അവാർഡ് 2019-20 റീജണൽ തിരഞ്ഞെടുപ്പ്

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ

പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. രൂപതാതല സെമിനാർ 2019 നവംബർ 9-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്. സമയം 9.30 am മുതൽ 4.30 pm വരെ. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്.

*V. 99/2019* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാതലം : 2019 ഡിസംബർ 14 ശനി**
**സമയം : 10.30 a.m. - 12.00 noon**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

*V.100/2019* **നന്ദി**

ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച നെസ്റ്റിൽ വച്ച് നടന്ന പി.റ്റി.എ. സെമിനാറിന് വന്നവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി അറിയിക്കുന്നു.

*V.101/2019* **സൺഡേ സ്കൂൾ ഡയറി**

ഈ വർഷത്തെ സൺഡേ സ്കൂൾ ഡയറിക്ക് A, B, C ഗ്രേഡ് നേടിയവർ.

**A**
Cathedral
Ayavana
Thodupuzha
Muthalakodam
Arakuzha
Nediasala
Nellimattam
Muttathupara
Mekkadambu
Vadattupara
Marika
Kadalikadu

**B**
Nakapuzha
Vazhakulam
Nadukanni
Anicadu
Chalassery
Kalloorkad
Mathirappilly
Koduvely
Mudavoor
Bethlehem
Njarakad
Alakode
Paingottoor
Udumbannoor
Vannapuram
Kalloor
Muvattupuzha
Kaliyar
Chittoor
Nediyakad

**C**
Neendapara
Vandamattam
Cheppukulam
Kavakkad
Perumannoor
Ezhalloor
Thrikkariyoor
Pothanikadu
Pannimattam
Kurupampady
Kallanickal
Thodupuzha East
Vazhappilly East
Vadakode
Anchiri
Kuninji

*Director*





## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 34/2019* **Catechism/Moral Science വാർഷിക പരീക്ഷ**

Catechism/Moral Science വാർഷിക പരീക്ഷ ക്രിസ്തുമസ് അവധി കഴിഞ്ഞുവരുന്ന രണ്ടാമത്തെ പ്രവൃത്തി ദിവസം നടത്തേണ്ടതാണ്. Question Papers ക്രിസ്തുമസ് അവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന ദിവസം അതാതു കളക്ഷൻ സെന്ററുകളിൽ എത്തിക്കുന്നതാണ്. പരീക്ഷ ടൈംടേബിൾ ചുവടെ ചേർക്കുന്നു:

FN - STD I, III, V, VII, IX, HSE I
AN - STD II, IV, VI, VIII, X, HSE II

*Edn.35 /2019* **Catechism/Moral Science Competitive Examination 2019-2020**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള Catechism/Moral Science രൂപതാതല മത്സര പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്ന കാര്യം അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. ഓരോ വിഷയത്തിലും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന കുട്ടികളെ മത്സര പരീക്ഷയിൽ പങ്കെടുപ്പിക്കാം. (70% ന് താഴെ മാർക്ക് നേടുന്നവരെ പരിഗണിക്കേണ്ടതില്ല.) പരീക്ഷയുടെ കാര്യം രക്ഷാകർത്താക്കളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Edn. 36 /2019* **കലാ, കായിക, പ്രവൃത്തിപരിചയ, ഐ. റ്റി. ശാസ്ത്ര മേളകൾ**

സബ് ജില്ല, ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാകുന്നവരുടെ വിവരങ്ങൾ മേളകൾ കഴിഞ്ഞ ഉടൻതന്നെ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

*Edn. 37 /2019* **ഓഫീസ് സ്റ്റാഫ് സെമിനാർ**

ഓഫീസ് സ്റ്റാഫിനുവേണ്ടിയുള്ള സെമിനാർ മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ഓഡിറ്റോറിയത്തിൽ വച്ച്, 30-11-2019 ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 4.00 വരെ നടത്തപ്പെടുന്നു.

ഒക്ടോബോർ 12-ാം തീയതി നടത്തപ്പെട്ട അദ്ധ്യാപക സെമിനാറിൽ പങ്കെടുക്കുവാൻ കഴിയാതിരുന്ന എല്ലാ അദ്ധ്യാപകരും ഈ

സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

ഓഫീസ് സ്റ്റാഫ് സെമിനാറിൽ പങ്കെടുക്കുന്ന ടീച്ചേഴ്സിന്റെ വിവരം പ്രധാന അദ്ധ്യാപകർ 15-11-2019-ന് മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

രജിസ്ട്രേഷൻ രാവിലെ -9.30 മുതൽ

സെമിനാർ ഫീസ് - ₹ 200/-

*Secretary*

## ബൈബിൾ അപ്പോസ്റ്റലേറ്റ്

### *BA. 5/2019* ബൈബിൾ മാസാചരണം

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുകയാണ്. ആത്മീയ ശക്തീകരണ വർഷമായി നമ്മുടെ രൂപതയിൽ ആചരിക്കുന്ന ഈ അവസരത്തിൽ വചനം വീടുകളിൽ വായിക്കുവാൻ പ്രോത്സാഹനം നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ക്രിസ്തുമസ്സ് ദിനത്തിനായി ഒരുങ്ങത്തക്കവിധം വി. മത്തായിയുടെ സുവിശേഷം 25 ദിവസം സന്ധ്യാപ്രാർത്ഥനയോടൊപ്പം വായിക്കുവാൻ സഹായിക്കുന്ന ഒരു ബുക്ക്ലെറ്റ് രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് തയ്യാറാക്കുകയാണ്. ഇടവകകളിലെ എല്ലാ വീടുകളിലേക്കും ഇത് നല്കുവാനുള്ള ക്രമീകരണം ബഹു. വികാരിമാർ ചെയ്യുമല്ലോ. ഒരു ബുക്ക്ലെറ്റിന് 5 രൂപയാണ് വില. ആവശ്യമായ ബുക്ക്ലെറ്റിന്റെ എണ്ണം നവംബർ 10-ന് മുമ്പ് രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറെ അറിയിക്കുമല്ലോ. ഫോൺ :9947005704

*Director*

## സോഷ്യൽ സർവീസ്

### *SS. 32/2019* വൈദികരുടെയും അല്മായ പ്രതിനിധികളുടെയും ആലോചനായോഗം

നമ്മുടെ സമുദായാംഗങ്ങളുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ചില പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് ആലോചിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും 2019 നവംബർ 19 ചൊവ്വ 1.30 pm മുതൽ 4.30 pm വരെ മൂവാറ്റുപുഴ NESTT -ൽ വച്ച് ബഹു. വികാരിയച്ചന്മാർ, അസി. വികാരിമാർ, സ്ഥാപനങ്ങളിൽ നിന്നുള്ള





വൈദികർ, വിവിധ സംഘടനകളുടെ ഡയറക്ടർമാർ, ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, AKCC, KCYM, DFC, Vincent De Paul Society, Mathruvedi, CML, Jesus Youth, Family Apostalate, KLM, KSSS, Credit Union, മറ്റ് സാമൂഹിക ക്ഷേമപ്രസ്ഥാനങ്ങൾ എന്നിവയുടെ രൂപതാഭാരവാഹികൾ, പ്രതിനിധികൾ എന്നിവരുടെ ഒരു സമ്മേളനം നടത്തപ്പെടുകയാണ്. അഭിവന്ദ്യപിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. തലശ്ശേരി രൂപത സോഷ്യൽ സർവീസ് ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം എന്നിവർ ക്ലാസ്സുകൾ നയിക്കും.

**ചർച്ചാവിഷയങ്ങൾ:**

1) NABARD മായി സഹകരിച്ച് ഇടവകകളിൽ എന്തെല്ലാം ചെയ്യാം?
2) ഇന്നത്തെ സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾക്ക് ഇടവകതലത്തിൽ എന്ത് പരിഹാരമുണ്ടാക്കാം?
3) തൊടുപുഴ KADS മായി എങ്ങനെയെല്ലാം സഹകരിക്കാം?
4) ക്രൈസ്തവർക്ക് ന്യൂനപക്ഷാവകാശങ്ങൾ ലഭിക്കുവാൻ എന്ത് ചെയ്യാനാവും?
5) SHG, JLG എന്നിവയുടെ രൂപീകരണം

### *SS. 33/2019* ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് മീറ്റ്

NABARD മായി സഹകരിച്ചുകൊണ്ട് ഇടവകകളിൽ കൃഷിയുൾപ്പെടെയുള്ള വിവിധ ഉപജീവനമാർഗ്ഗങ്ങൾക്ക് സാമ്പത്തിക സഹായം, ലോണുകൾ വഴി ലഭ്യമാക്കുവാൻ KSSS പദ്ധതിയിടുന്നു. എല്ലാ ഇടവകകളിലും ക്രെഡിറ്റ് യൂണിയൻ വഴിയാണ് ഇത് നടത്തുന്നത്. നിലവിൽ ക്രെഡിറ്റ് യൂണിയൻ ഇല്ലാത്തിടത്ത് നന്നായി പ്രവർത്തിക്കുമെന്ന് ഉറപ്പുള്ള 10 പേരെ കണ്ടെത്തി ഒരു ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്യുന്നു. ഈ കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുവാൻ ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുടെയും പ്രതിനിധികളുടെയും ഒരു ആലോചനായോഗം ഈ നവംബർ 19 ചൊവ്വാഴ്ച 10.30 am മുതൽ 1.00 pm വരെ മൂവാറ്റുപുഴ NESTT-ന് അടുത്തുള്ള നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് കൂടുന്നതാണ്. തലശ്ശേരി രൂപത സോഷ്യൽ സർവീസ് ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ ക്ലാസ്സ് നയിക്കും. തലശ്ശേരി രൂപതയിൽ ഈ വിധത്തിൽ ട്രസ്റ്റുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

### *SS. 34/2019* കാൻസർ കവർ പോളിസി

കാൻസർ രോഗികളുടെ എണ്ണവും ഈ രോഗത്തിന്റെ ചികിത്സാ

ചെലവും അനുദിനം വർദ്ധിച്ചുവരികയാണ്. കാൻസർ ചികിത്സയ്ക്ക് സഹായമാകുന്നതിന് LIC of INDIA ഒരുക്കുന്ന പദ്ധതിയാണ് "കാൻസർ കവർ പോളിസി"

**പോളിസി ആനുകൂല്യങ്ങൾ**

A) Early Stage Cancer :

1 പോളിസി തുകയുടെ 25% ഉടൻ നൽകുന്നു.
2 തുടർന്ന് 3 വർഷത്തെ പ്രീമിയം അടവിന് ഇളവ് നൽകുന്നു.

B) Major Stage Cancer :

1 പോളിസി തുക മുഴുവനും പോളിസി ഉടമയ്ക്ക് നൽകുന്നു.
2 തുടർന്ന് പ്രീമിയം അടയ്ക്കേണ്ടതില്ല.
3 കൂടാതെ പോളിസി തുകയുടെ ഒരു ശതമാനം വീതം പ്രതിമാസം അടുത്ത 10 വർഷത്തേക്ക് നൽകുന്നു. ഈ ആനുകൂല്യം പോളിസി ഉടമ ജീവിച്ചിരുന്നാലും ഇല്ലെങ്കിലും പോളിസി കാലാവധി തീർന്നാലും ഇല്ലെങ്കിലും നൽകുന്നു.
4 ഈ പദ്ധതിയിൽ അംഗമാകുന്നതിന് വൈദ്യപരിശോധന ആവശ്യമില്ല.
5 സെക്ഷൻ 80 D അനുസരിച്ച് ആദായ നികുതി ഇളവ് ലഭ്യമാണ്.

**നിബന്ധനകൾ :**

| | |
|---|---|
| ചേരുന്നതിനുള്ള പ്രായം | - 20 വയസ്സ് മുതൽ 65 വയസ്സ് വരെ |
| പോളിസി കാലാവധി | - 10 വർഷം മുതൽ 30 വർഷം വരെ |
| പോളിസി തുക | - മിനിമം 10 ലക്ഷം, പരമാവധി 50 ലക്ഷം |
| പ്രീമിയം അടവ് | - വാർഷികം, അർദ്ധവാർഷികം |

ഉദാഹരണം: 25 വയസ്സുള്ള വ്യക്തി 50 ലക്ഷം രൂപയുടെ കാൻസർ കവർ പോളിസി 30 വർഷത്തേക്ക് എടുത്താൽ അടയ്ക്കേണ്ട വാർഷിക പ്രീമിയം 7021 രൂപ. അദ്ദേഹത്തിന് Early Stage Cancer കണ്ട് പിടിക്കപ്പെട്ടാൽ 12,50,000 രൂപ ഉടൻ നൽകുന്നു. പിന്നീട് 3 വർഷത്തേക്ക് പ്രീമിയം അടയ്ക്കേണ്ടതുമില്ല. Major Stage Cancer ആണ് കണ്ട് പിടിക്കപ്പെടുന്നതെങ്കിൽ പോളിസി തുകയായ 50 ലക്ഷം രൂപ ഉടൻ നൽകുന്നു. പിന്നീട് ഒരു പ്രീമിയവും അടയ്ക്കേണ്ടതില്ല. കൂടാതെ എല്ലാ മാസവും 50,000 രൂപ വച്ച് 10 വർഷത്തേക്ക് നൽകുന്നു, രോഗി ജീവിച്ചിരുന്നാലും ഇല്ലെങ്കിലും.

Contact No. KSSS staff - Jibin : 8606664997, LIC Advisor - Mathews Joseph : 9745339989.

*Director*





## തിരുബാലസഖ്യം

*HC. 10/2019* **കലാമത്സരങ്ങൾ**

തൊടുപുഴ, മൂവാറ്റുപുഴ റീജിയണുകളിലെ തിരുബാലസഖ്യം കുട്ടികളുടെ കലാമത്സരങ്ങൾ ഒക്ടോബർ 26-ന് നടത്തി. മത്സരത്തിന്റെ വിജയത്തിനായി സഹകരിച്ച ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും നന്ദി.

കോതമംഗലം റീജിയണിലെ കലാമത്സരങ്ങൾ നവംബർ 9-ാം തീയതി കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്നതായിരിക്കും.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 74 /2019* **ദൈവവിളി ബാങ്ക്**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ഓരോ ശാഖയിൽ നിന്നുമുള്ള വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പേര്, വീട്ടുപേര്, സന്യാസസഭ, ജനനത്തീയതി, വൈദികനായ തീയതി, വ്രതവാഗ്ദാനത്തീയതി, സേവനം ചെയ്യുന്ന രൂപത എന്നിവയടങ്ങിയ ദൈവവിളി ലിസ്റ്റ് നവംബർ 30-നകം രൂപതയിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 75 /2019* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരം**

ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ ഓർമ്മയ്ക്കായി ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, അല്മായ മിഷനറിമാർ എന്നിവർക്കായി നടത്തുന്ന ഉപന്യാസ മത്സരത്തിന്റെ രചനകൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി നവംബർ 30-നാണ് എന്ന കാര്യം ഓർമ്മിക്കുമല്ലോ.

*CML 76 /2019* **സംസ്ഥാനതല അവാർഡുകൾ**

സംസ്ഥാനതല മികച്ച ശാഖാ, മേഖല, രൂപതാ മൂല്യനിർണ്ണയത്തിൽ തൊടുപുഴ, വടാട്ടുപാറ ശാഖകൾ മികച്ച ശാഖകളായും, തൊടുപുഴ മേഖല മികച്ച മേഖലയായും കോതമംഗലം രൂപത മികച്ച രൂപത

യായും തിരഞ്ഞെടുക്കപ്പെട്ടു.

*CML 77 /2019* **രൂപതാകലോത്സവം**

ഒക്ടോബർ 2-ാം തീയതി രൂപതാകലോത്സവം മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തി. കലാമത്സരങ്ങൾ ഭംഗിയായി നടത്തുവാൻ സഹകരിച്ച മേഖല-ശാഖാ ഡയറക്ടേഴ്സിനും, അസി. ഡയറക്ടേഴ്സിനും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും, പങ്കെടുത്ത കുഞ്ഞുമിഷനറിമാർക്കും അവരുടെ മാതാപിതാക്കൾക്കും രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**ഓവറോൾ**

| | |
|---|---|
| I | മുതലക്കോടം മേഖല |
| II | മൂവാറ്റുപുഴ മേഖല |
| III | കോതമംഗലം മേഖല |

**മത്സരവിജയികൾ**

**Mission Quiz - Junior Boys**

| | |
|---|---|
| Thomas Sessal Kainikkal, Bethlehem | I |
| Alan Babu Mangalathu, Koduvely | II |
| Mathews V Manoj Vadakel, Karimannoor | III |

**Mission Quiz - Junior Girls**

| | |
|---|---|
| Riyana Mary Roy Valummel, Kuninji | I |
| Ashitha Benni Kolavelil, Nakapuzha | II |
| Saira Rose Baby Edappulavan, Kuruppampady | III |

**Kathaprasangam - Sub Junior**

| | |
|---|---|
| Aiyn Maria Jessy Mukkamkuzhiyil, Oonnukal | I |
| Anna Benny Kannathukuzhi, Arakuzha | II |
| Aniya Mariya Shibu Kunnathel, Nediakadu | III |

**Kathaprasangam - Junior**

| | |
|---|---|
| Diya George Arayil, Kadalikad | I |
| Roshan Robinson Poothakuzhiyil, Mylacombu | II |
| Elsa Philo Aloysius Valiyaparambil, Kalayanthany | III |

**Kathaprasangam - Senior**

| | |
|---|---|
| Aleena Diller Kuttiyanal, Chalassery | I |
| Ann Maria Biju Kannathukuzhiyil, Mylacombu | II |
| Anit Abraham Punnolil, Njarakkad | III |





**Debate**

| | |
|---|---|
| Blessy Biju Valladiyil, Pallickamury<br>Anna Anish Vathalloor, Pallickamury | I |
